# പൊതുവിന്റെ തിരിച്ചുപിടിക്കൽ

**നവോമി ക്ലീൻ**

പരിഭാഷ: ആശാലത

'ആഗോളവൽക്കരണ പ്രസ്ഥാനം' എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? ഇതെക്കുറിച്ച് എനിക്ക് രണ്ടു സംശയങ്ങൾ നിലവിലുള്ളതുകൊണ്ടാണ് ഈ പദം ഞാൻ ഉദ്ധരണിക്കുള്ളിലിടുന്നത്. ഒന്നാമതായി അത് ഒരു പ്രസ്ഥാനമാണോ? ഇനി പ്രസ്ഥാനമാണെങ്കിൽത്തന്നെ അത് ആഗോളവിരുദ്ധമാണോ? ആദ്യത്തെ സംശയത്തിൽനിന്നു തന്നെ തുടങ്ങാം. ഇതുപോലെയുള്ള ഒരു ഫോറത്തിൽ അതിനെക്കുറിച്ച് സംസാരിക്കുന്നതിലൂടെ ഒരു പ്രസ്ഥാനമാണെന്ന് നമുക്ക് നമ്മെത്തന്നെ വിശ്വസിപ്പിക്കാം. ഞാൻ ധാരാളം സമയം അതിനായി ചെലവിടുന്നുണ്ട്. നാം അതിനെ കണ്ടുകൊണ്ടിരിക്കുന്നു എന്ന മട്ടിൽ. തൊട്ടറിയാം എന്ന മട്ടിൽ. ക്യുബെക്കിൽ അത് തിരിച്ചുവന്നെന്ന് നമുക്കറിയാം. അമേരിക്കകളുടെ ഉച്ചകോടിയിലും അർദ്ധഗോളത്തിലെ സ്വതന്ത്രവിപണിയെ സംബന്ധിച്ച ചർച്ചകൾക്കിടയിലും യു.എസ് മെക്സിക്കൻ അതിർത്തിയിലും അത് വന്നെത്തിയെന്ന് നമുക്കറിയാം. നമ്മൾ ഇവിടെ നിന്നു തിരിച്ച് നമ്മുടെ വീടുകളിലേയ്ക്കു പോവുന്നു. അല്പസമയം ടി.വി. കാണുന്നു. കുറച്ചു ഷോപ്പിങ്ങ് നടത്തുന്നു. അപ്പോഴേയ്ക്ക് അതിനെ സംബന്ധിച്ചുണ്ടായിരുന്ന ബോധവും ഇല്ലാതാവും. നമുക്ക് ശുദ്ധഭ്രാന്താണോ എന്നും ചിന്തിച്ചേക്കാം. സിയാറ്റിലിലേത് ഒരു പ്രസ്ഥാനമായിരുന്നോ അതോ സംഘം ചേർന്നു കണ്ട മായക്കാഴ്ചയോ? നമ്മളിൽ മിക്കവാറും പേരെയും സംബന്ധിച്ച് സിയാറ്റിൽ ആഗോളചെറുത്തു നില്പിനുവേണ്ടിയുള്ള പുറപ്പാടിന്റെ ഒരുക്കമായിരുന്നു. അഥവാ 'പ്രതീക്ഷയുടെ ആഗോളവൽക്കരണം' പോർട്ടോ അലെഗ്രേയിലെ വേൾഡ് സോഷ്യൽ ഫോറത്തിൽ ആരോ വിശേഷിപ്പിച്ചതുമാതിരി. എന്നാൽ ശേഷമുള്ളവർക്ക് സിയാറ്റിലെന്നാൽ അളവറ്റ പതഞ്ഞു നുരയുന്ന കാപ്പി, ഏഷ്യൻ രീതികൾ സംയോജിപ്പിച്ച കുശിനി, ഇ-കോമേഴ്സ് കോടീശ്വരന്മാർ, മെഗ് റിയാൻ സിനിമകൾ ഇവയൊക്കെയാണ്. ഇപ്പോഴും. ഒരുപക്ഷേ, രണ്ടുമായിരിക്കണം. ഒരു സിയാറ്റിൽ മറ്റേ സിയാറ്റിലിനെ വളർത്തിയെടുത്തു. ഇപ്പോൾ മോരും മുതിരയുംപോലെ, രണ്ടും ഒരുമിച്ച് നിലനില്ക്കുന്നു.

ചിലപ്പോഴൊക്കെ നാം ഉണ്ടാക്കിക്കൊണ്ടുവരുന്ന ഈ പ്രസ്ഥാനത്തിന് പല പേരുകളാണുള്ളത്. കോർപറേറ്റ് വിരുദ്ധം, മുതലാളിത്ത വിരുദ്ധം, സ്വതന്ത്രവിപണന വിരുദ്ധം, സാമ്രാജ്യത്വ വിരുദ്ധം- അങ്ങനെയങ്ങനെ. സിയാറ്റിലിലാണ് തുടക്കമെന്ന് പലരും കരുതുന്നു. വേറെ ചിലരുടെ അഭിപ്രായത്തിൽ അഞ്ഞൂറുവർഷം പഴക്കമുണ്ടിതിന്. അധിനിവേശകർ കാലുകുത്തിയപ്പോൾ മുതൽ. തദ്ദേശീയർ 'വികസി'ച്ചാൽ, അഥവ 'വിപണന'ത്തിന് കഴിവുറ്റവരായാൽ, കാര്യങ്ങൾ അവർ വ്യത്യസ്തമായി ചെയ്തു തുടങ്ങുമെന്ന് ഇക്കൂട്ടർ അവരോട് ആദ്യമായി പറഞ്ഞതു മുതൽ. 1994 ജനുവരി ഒന്നാം തീയതി, മെക്സിക്കോയിൽ നാഫ്ത (NAFTA) നിയമമായിത്തീർന്ന രാത്രിയിൽ, യാ ബാസ്റ്റാ! എന്ന വാക്കുകളോടെ സപാറ്റിസ്റ്റകൾ കലാപം തുടങ്ങിയപ്പോൾ മുതലാണെന്നാണ് മറ്റൊരഭിപ്രായം. ആരാണ് പറയുന്നതെന്നതനുസരിച്ച് ഇത് മാറിക്കൊണ്ടിരിക്കും. പല പ്രസ്ഥാനങ്ങൾ ചേർന്ന ഒരു പ്രസ്ഥാനം എന്നു പറയുന്നതാവും കുറേക്കൂടി ശരിയെന്ന് എനിക്കു തോന്നുന്നു. പല കൂട്ടായ്മകൾ ചേർന്ന കൂട്ടായ്മ. ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള സ്വകാര്യവൽക്കരണവും എല്ലാ പ്രവർത്തികളും എല്ലാ മൂല്യങ്ങളും ഉപഭോഗവസ്തുവാക്കി മാറ്റുക എന്ന ലക്ഷ്യവും പൊതുവായിട്ടുള്ള എല്ലാ ശക്തികൾക്കുമെതിരെ ചെറുത്തു നില്പു നടത്തുന്ന ആയിരക്കണക്കിനു സംഘങ്ങളുണ്ട് ഇന്ന്. വിദ്യാഭ്യാസരംഗത്തെയും ആരോഗ്യരംഗത്തെയും സ്വകാര്യവൽക്കരണത്തെപ്പറ്റി നാം സംസാരിക്കാറുണ്ട്. അതുപോലെ പ്രകൃതിവിഭവങ്ങളുടെ സ്വകാര്യവൽക്കരണത്തെക്കുറിച്ചും നാം എപ്പോഴും തന്നെ പറയും. എന്നാലീപ്രക്രിയ അതിനെക്കാളൊക്കെ വമ്പിച്ച തോതിലാണ് നടക്കുന്നത്. കരുത്തുറ്റ ആശയങ്ങൾ പരസ്യ

2001 ഏപ്രിലിൽ UCLA യിലെ സെന്റർ ഫോർ സോഷ്യൽ തിയറി ആൻഡ് കംപാരറ്റീവ് ഹിസ്റ്ററിയിൽ നടത്തിയ പ്രഭാഷണം.
അവലംബം: New Left Review 9, May-June 2001

വാചകങ്ങളായി മാറുന്നു. പൊതുനിരത്തുകൾ ഷോപ്പിങ്ങ് കോംപ്ലക്സുകളാവുന്നു. പുത്തൻ തലമുറ പിറന്നുവീഴുമ്പോൾത്തന്നെ കമ്പോള ലക്ഷ്യങ്ങളായി മാറുകയാണ്. സ്കൂളുകളിൽ പരസ്യങ്ങളുടെ ആക്രമണം കുടിവെള്ളം പോലെയുള്ള അടിസ്ഥാനാവശ്യങ്ങൾപോലും വില്പനച്ചരക്കുകളാവുന്നു. അടിസ്ഥാനപരമായ തൊഴിലവകാശങ്ങൾ അടഞ്ഞ അദ്ധ്യായങ്ങളായിത്തീരുന്നു. ജീനുകൾക്കുമേൽ പേറ്റന്റു വരുന്നു. ഡിസൈനർ ശിശുക്കളുടെ കാലമാണിത്. വിത്തുകൾക്ക് ജനിതകമാറ്റം വരുത്തി വില്ക്കുന്നു. രാഷ്ട്രീയപ്രവർത്തകരെ വില്ക്കുകയും വാങ്ങുകയും മാറ്റിമറിക്കുകയും ചെയ്യുന്നു.

അതേസമയം തന്നെ തിരിച്ചുള്ള അടിയൊഴുക്കുകളുമുണ്ട്. അത് വിവിധതരം പ്രസ്ഥാനങ്ങളുടെയും പ്രചരണങ്ങളുടെയും രൂപമെടുക്കുന്നു. അവർ പങ്കുവയ്ക്കുന്ന ആവേശം സാധാരണക്കാരുടെ ഒരുതരത്തിലുള്ള തിരിച്ചുപിടിക്കലാണ്. നമ്മുടെ സാമൂഹ്യ ഇടങ്ങൾ-നഗരചത്വരങ്ങളും വിദ്യാലയങ്ങളും കൃഷിയിടങ്ങളും ഫാക്ടറികളും കമ്പോളങ്ങൾ കൈയ്യടക്കി ഇല്ലാതാവുമ്പോൾ, ലോകമെമ്പാടും ചെറുത്തുനില്പ് ഉയിർത്തുവരും. പ്രകൃതിയുടെയും സംസ്കാരത്തിന്റെയും ശകലങ്ങൾ ജനങ്ങൾ വീണ്ടെടുക്കും. "ഇതാണ് പൊതു ഇടമെന്ന്" അവർ പ്രഖ്യാപിക്കും. അമേരിക്കയിൽ, പഠിതാക്കൾ തങ്ങളുടെ ക്ലാസ്മുറികളിൽ നിന്ന് പരസ്യം തട്ടിത്തെറിപ്പിച്ചു കളയുന്നു. തായ്‌ലൻഡിലെ ഭൂരഹിത കർഷകർ അമിത ജലസേചനം നടത്തിയ ഗോൾഫ് കോഴ്സുകളിൽ ജൈവ പച്ചക്കറികൾ നടുന്നു. ബൊളീവ്യൻ തൊഴിലാളികൾ ജലവിതരണത്തിലെ സ്വകാര്യവൽക്കരണത്തെ മറിച്ചിടുന്നു. നാപ്സ്റ്റർ പോലെയുള്ളവരുടെ കുട്ടികൾക്ക് ഇന്റർനെറ്റിലൂടെ പരസ്പരം സംഗീതം കേൾപ്പിക്കാൻ അവസരമുണ്ടാക്കുന്നു. മൾട്ടിനാഷണൽ റെക്കോഡ് കമ്പനികളിൽ നിന്ന് അവർക്കത് വാങ്ങേണ്ടി വരുന്നില്ല. വൻപരസ്യപ്പലകകൾ സ്വതന്ത്ര്യമായിത്തീരുന്നു. സ്വതന്ത്ര മാധ്യമ നെറ്റ്‌വർക്കുകൾ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. പ്രതിഷേധങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വേൾഡ് സോഷ്യൽ ഫോറത്തിന്റെ സമയത്ത് പോർട്ടോ അലെഗ്രോവിൽ മക്ഡൊണാൾഡിന്റെ വെറും പാവയായി എപ്പോഴും ചിത്രീകരിക്കപ്പെടാറുള്ള പോസെബോവെ, മോൺസാന്റോ പരീക്ഷണ പ്രദേശത്തിനടുത്തുള്ള മൂവിമെന്റാസെം ടെറായിൽ നിന്നുള്ള പ്രാദേശിക പ്രവർത്തകരുമൊന്നിച്ച് സഞ്ചരിച്ചു. അവിടെയാണ് ജനിതക പരിവർത്തനത്തിനു വിധേയമാക്കിയ മൂന്നു ഹെക്ടർ സോയാബീൻ അവർ നശിപ്പിച്ചത്. പ്രതിഷേധം അവിടെ അവസാനിച്ചില്ല. എം.എസ്.ടി. ആ—ഇപ്പോൾ അവരുടെ സ്വന്തം ജൈവവിളകൾ നട്ടുവരികയുമാണ്. ഈ കൃഷിയിടം സ്വയംപര്യാപ്തമായ കൃഷിയുടെ മാതൃകയാക്കുമെന്നാണ് അവരുടെ പ്രതിജ്ഞ. ചുരുക്കിപ്പറഞ്ഞാൽ, ആക്റ്റിവിസ്റ്റുകൾ വിപ്ലവം വരാൻ കാത്തിരിക്കുകയല്ല ചെയ്യുന്നത്. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്—തങ്ങൾ ജീവിച്ചുകൊണ്ടിരിക്കുന്നിടത്ത്, പഠിച്ചുകൊണ്ടിരിക്കുന്നിടത്ത്, പണിസ്ഥലത്ത്, കൃഷിയിടങ്ങളിൽ എല്ലാം.

സാധാരണ ജനങ്ങളുടെ ഈ തിരിച്ചുപിടിക്കലുകളെ നിയമമാക്കി മാറ്റാനുള്ള ലക്ഷ്യത്തോടെയുള്ള പല ഔപചാരിക നിർദ്ദേശങ്ങളും ഇതോടൊപ്പം ഉയർന്നു വരുന്നുണ്ട്. നാഫ്തപോലെയുള്ള സംഗതികൾ ഉണ്ടാക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ അവയ്ക്ക് അകമ്പടി സേവിച്ചിരുന്ന സ്വതന്ത്രവിപണനം മുതലായ ലക്ഷ്യങ്ങളെപ്പറ്റിയും ധാരാളം ചർച്ചകൾ നടന്നിരുന്നു. പാരിസ്ഥിതികവും തൊഴിൽപരവും മാനുഷികവുമായ അവകാശങ്ങളെ വിഴുങ്ങിക്കളയുന്നവയാണിവയെന്ന ആശങ്കകളുണ്ടായിരുന്നു. ഇപ്പോൾ അവയെ പുറത്തുകളയാനുള്ള സമരമാണ് നടക്കുന്നത്. ചെറുകിട കർഷകരുടെ ആഗോള സംഘടനയായ വയാകാം പെൻസിയായോടൊപ്പം ചേർന്ന് ഹോസെബോവെ, ഭക്ഷ്യസുരക്ഷയും കൃഷിഉല്പന്നങ്ങളും വിപണന കരാറുകളിൽ നിന്നൊഴിവാക്കാനാവശ്യപ്പെട്ട് പ്രചരണം നടത്തി. "ലോകം വില്പനയ്ക്കുള്ളതല്ല" എന്നതായിരുന്നു അവർ ഉയർത്തിയ മുദ്രാവാക്യം. സാധാരണ ജനങ്ങൾക്കു ചുറ്റും ഒരു വൃത്തം വരയ്ക്കാനാണ് അവർ തുനിഞ്ഞത്. വെള്ളം ഒരു സ്വകാര്യ വസ്തുവല്ലെന്നും ഒരു വാണിജ്യ കരാറിലും വെള്ളത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തരുതെന്നും കൗൺസിൽ ഓഫ് കനേഡിയൻസിന്റെ ഡയറക്ടർ മൊഡ്ബാർലോ വാദിച്ചു. കാനഡയിലെ ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളെക്കാൾ കൂടുതൽ അംഗസംഖ്യയുള്ള സംഘടനയാണ് കൗൺസിൽ ഓഫ് കനേഡിയൻസ്. ഈ ആശയത്തിന് നല്ല പിന്തുണയാണ് ലഭിച്ചത്. വിശേഷിച്ച് യൂറോപ്പിൽ അടുത്തിടയുണ്ടായ ഭക്ഷ്യഭീഷണിയെത്തുടർന്ന് പ്രത്യേകിച്ചും. ഈ സ്വകാര്യവൽക്കരണ വിരുദ്ധ പ്രചരണങ്ങൾ സാധാരണഗതിയിൽ അവയുടെ സ്വന്തം വഴിക്ക് മറഞ്ഞുപോകും. എങ്കിലും ഇടയ്ക്കിടെ അവ ഒരുമിച്ചു ചേരും. സിയാറ്റിലിലും പ്രേഗിലും വാഷിങ്ടണിലും ഡേവ്സിലും പോർട്ടോ അലെഗ്രെയിലും ക്യുബെക്കിലുമെല്ലാം അതാണുണ്ടായത്.

## അതിരുകൾക്കപ്പുറത്ത്

വ്യവഹാരങ്ങൾക്കു മാറ്റം സംഭവിച്ചിരിക്കുന്നു എന്നാണ് ഇതർത്ഥമാക്കുന്നത്. നാഫ്തക്കെതിരായ യുദ്ധങ്ങളിലാണ് രാജ്യങ്ങൾക്കകത്തുള്ള സംഘടിത തൊഴിലാളികൾ, പാരിസ്ഥിതിക പ്രവർത്തകർ, കർഷകർ, ഉപഭോക്തൃ സംഘടനകൾ എന്നിവ സംയോജിക്കുന്നതിന്റെ ആദ്യലക്ഷണങ്ങൾ കണ്ടു തുടങ്ങിയത്. കാനഡയിൽ ഞങ്ങളിൽ മിക്കവർക്കും അനുഭവപ്പെട്ടത് 'അമേരിക്കൻ വൽക്കരണ'ത്തിൽ നിന്ന് രാഷ്ട്രത്തെ വേർതിരിച്ചു നിറുത്താനുള്ള സമരമെന്ന നിലയിലാണ്. യുണൈറ്റഡ് സ്റ്റേറ്റ്സിൽ സുരക്ഷിത താത്പര്യങ്ങളുടെ ഭാഷയായിരുന്നു അതിന്. മെക്സിക്കോക്കാർ 'തങ്ങളു'ടെ തൊഴിൽ 'തട്ടി'യെടുക്കുമെന്നും പാരിസ്ഥിതിക മാനദണ്ഡങ്ങൾ അട്ടിമറിക്കുമെന്നുമായിരുന്നു അവിടുത്തെ തൊഴിലാളികളുടെ ആശങ്ക. അതേസമയംതന്നെ, കരാറിനെ എതിർത്തിരുന്ന മെക്സിക്കോക്കാരുടെ ശബ്ദം പൊതുധാരയിൽ നിന്ന് വളരെ അകലെയായിരുന്നു. എങ്കിലും ഏറ്റവും ശക്തമായ ശബ്ദം ഇവരുടേതായിരുന്നു. കുറച്ചു വർഷങ്ങൾക്കകം, വാണിജ്യത്തെ സംബന്ധിച്ച വാദപ്രതിവാദങ്ങൾക്ക് രൂപാന്തരം സംഭവിച്ചു. ആഗോളവൽക്കരണത്തിനെതിരേയുള്ള സമരം കോർപ്പറെറ്റേഷനെതിരേയുള്ളതായി മാറി. ചിലരെ സംബന്ധിച്ച് അത് മുതലാളിത്തവിരുദ്ധ സമരമായി. ജനാധിപത്യത്തിനുവേണ്ടിയുള്ള സമരം പോലുമായി ചിലർക്ക്. പന്ത്രണ്ടു വർഷം മുമ്പ്, നാഫ്ത

യ്ക്കെതിരേയുള്ള സമരത്തിന് കാനഡയിൽ നേതൃത്വം കൊടുത്തിരുന്നത് മോഡ്ബാർലോ ആണ്. നാഫ്ത നിയമമായതിനുശേഷം അവർ മറ്റ് രാജ്യങ്ങളിൽ നിന്നുള്ള സംഘടനാപ്രവർത്തകരും ആക്ടിവിസ്റ്റുകളുമായും അതുപോലെ, രാജ്യത്തെ ഭരണകൂടത്തെ സംശയിക്കുന്ന അരാജവാദികളുമായും ചേർന്നാണ് പ്രവർത്തിക്കുന്നത്. കനേഡിയൻ ദേശീയവാദത്തിന്റെ വക്താവായിട്ടാണ് ഒരിക്കൽ ഇവരെ കണക്കാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ അതിൽനിന്നും അവർ വളരെ ദൂരത്തെത്തിയിരിക്കുന്നു. തനിക്ക് മാറ്റം വന്നുവെന്നാണ് അവർ പറയുന്നത്. "രാഷ്ട്രത്തെ രക്ഷിക്കാനുള്ള സമരമായാണ് ഞാനിതിനെ കണ്ടിരുന്നത്. എന്നാൽ, ജനാധിപത്യത്തെ രക്ഷിക്കാനുള്ളതെന്ന നിലയിലാണ് ഞാനിപ്പോൾ ഇതിനെ കാണുന്നത്" എന്നാണ് മോഡ്ബർലോ ഇപ്പോൾ പറയുന്നത്. ദേശീയതയുടെയും രാജ്യത്തിന്റെ അതിരുകളെയും മറികടക്കുന്ന ഒരു ലക്ഷ്യമാണിത്. പ്രാദേശികവും ദേശീയവുമായ സമരങ്ങളെ ആഗോളമായ തലത്തിൽ കാണാൻ ഈ ശ്രമം ലോകത്തെമ്പാടുമുള്ള സംഘടനകൾ തുടങ്ങിക്കഴിഞ്ഞു എന്നതാണ് സിയാറ്റിലിനുശേഷമുള്ള വർത്തമാനം. പൊതുവിദ്യാലായങ്ങളിൽ മെച്ചപ്പെട്ട ഫണ്ടിനുവേണ്ടിയോ കുടുംബ കൃഷിയിടങ്ങൾക്കുവേണ്ടിയോ ധനികരും ദരിദ്രരും തമ്മിൽ വർദ്ധിച്ചുവരുന്ന അകലത്തിനെതിരായിട്ടോ ഒക്കെയുള്ള സമരങ്ങളെയെല്ലാം. ഇക്കഴിഞ്ഞ ചില വർഷങ്ങൾക്കുള്ളിൽവന്ന സുപ്രധാന മാറ്റം ഇതാണ്.

ഇതെങ്ങനെയാണ് സംഭവിച്ചത്? ആരാണ് ഇതിന് അരങ്ങൊരുക്കിയത്? ആരാണ് സംഘടിപ്പിച്ചത്? ഈ കൂട്ടായ്മ ഉണ്ടാക്കിയെടുത്തതാര്? സിയാറ്റിലിൽ സംഘാടനത്തിന്റെ രൂപരേഖ ആരോ സ്വപ്നം കണ്ടതാണെന്നു വിശ്വസിക്കുക രസകരമാണ്. എന്നാൽ അത് വൻതോതിലുള്ള ആകസ്മികതയാണെന്നാണ് ഞാൻ കരുതുന്നത്. നിരവധി ചെറുസംഘങ്ങൾ ഇവിടെ പങ്കെടുക്കാൻ വേണ്ടി സംഘടിപ്പിക്കപ്പെട്ടവയാണ്. വൈവിധ്യം നിറഞ്ഞതും പരപ്പിലുള്ളതുമായ കൂട്ടായ്മയുടെ ഭാഗമാണവരെന്ന് അവർ ആശ്ചര്യത്തോടെ തിരിച്ചറിഞ്ഞു. ഈ വൈവിധ്യം നിറഞ്ഞ മുന്നണിയെ യാഥാർത്ഥ്യമാക്കിത്തീർത്തതിൽ നാം യഥാർത്ഥത്തിൽ നന്ദി പറയേണ്ടത് ബഹുരാഷ്ട്ര കോർപറേഷനുകളോടണെന്നു തോന്നുന്നു. തെരുവുകൾ തിരിച്ചു പിടിക്കുന്നത് ലക്ഷ്യമിട്ടിട്ടുള്ള ഒരു സംഘടനയുടെ വക്താവ് അഭിപ്രായപ്പെട്ടതുപോലെ നാം സി.ഇ.ഒ കളോട് നന്ദി പ്രകടിപ്പിക്കണം. കാരണം, പ്രശ്നങ്ങൾ ഇത്ര പെട്ടെന്ന് തിരിച്ചറിയാൻ അവരാണല്ലോ കാരണം. ഈ ചരിത്ര മുഹൂർത്തത്തിലെ കോർപറേറ്റ് പദ്ധതികളുടെ നഗ്നമായ സാമ്രാജ്യത്വ താത്പര്യങ്ങളാണ് നമ്മുടെ ഈ കൂട്ടായ്മയ്ക്കു കളമൊരുക്കിയത്. അവരുടെ അതിരറ്റ ലാഭക്കൊതിക്ക് വാണിജ്യ നിയന്ത്രണങ്ങൾ എടുത്തു കളയപ്പെട്ടപ്പോൾ കൈവന്ന കെട്ടുപാടുകളില്ലാത്ത സ്വാതന്ത്ര്യം. ആന്റി-ട്രസ്റ്റ് നിയമങ്ങൾ ദുർബലമായപ്പോൾ വന്ന ലയനങ്ങളുടെയും വാങ്ങിക്കൂട്ടലുകളുടെയും തരംഗങ്ങൾ. അങ്ങനെ ബഹുരാഷ്ട്ര കമ്പനികൾ അളവറ്റ നിലയിൽ സമ്പന്നമായി. അവരുടെ കൈവശമുള്ളവ അതീവ വിസ്തൃതമായി. അവ ആഗോളതലത്തിലേക്കെത്തി.

ലോകത്തെമ്പാടുമുള്ള ആക്ടിവിസ്റ്റുകൾ, ആഗോള കോർപറേഷനുകൾ പ്രദാനം ചെയ്ത റെഡിമെയ്ഡ് അടിസ്ഥാന സൗകര്യങ്ങളുടെ പുറത്ത് സവാരി ചെയ്യുന്നവരാണ്. അതിർത്തി കടന്നുള്ള സംഘടനാവൽക്കരണമെന്ന് ഇതിനെ വിളിക്കാമെങ്കിലും ഇത് അന്തർമേഖലാ സംഘാടനം കൂടിയാണ് —തൊഴിലാളികൾക്കും പരിഃസ്ഥിതി പ്രവർത്തകർക്കും എന്തിനേറെ, തടവുകാർക്കു പോലുമിടയിൽ. ഇവർക്കൊരോരുത്തർക്കും ഏതെങ്കിലും ബഹുരാഷ്ട്ര കമ്പനിയുമായി വ്യത്യസ്തമായ ബന്ധങ്ങളുണ്ടാവും. അതുകൊണ്ട്, ഒരൊറ്റ ബ്രാൻഡിനുചുറ്റും ഒരു പ്രസ്ഥാനം അല്ലെങ്കിൽ ഒറ്റക്കൂട്ടായ്മയുണ്ടാക്കാനാവും. ഉദാഹരണത്തിന് ജനറൽ ഇലക്ട്രിക് മൊൺസാന്റോയുടെ അനന്തരഫലമായാണ് ഇന്ത്യൻ കർഷകർ ലോകത്തെമ്പാടുമുള്ള പാരിസ്ഥിതിക പ്രവർത്തകരും ഉപഭോക്തൃസംഘടനകളുമായിച്ചേർന്ന്, ജനിതക മാറ്റം വരുത്തിയ ഭക്ഷണ സാധനങ്ങൾ വയലുകളിലും സൂപ്പർ മാർക്കറ്റുകളിലും കൊണ്ടു വരുന്നതിനെതിരേയുള്ള പ്രവർത്തതന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നത്. ഷെൽ ഓയിലിന്റെയും ഷെവ്റോണിന്റെയും അനന്തരഫലമായാണ് എണ്ണ വ്യവസായമുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്കെതിരെ നൈജീരിയയിലെ മനുഷ്യാവകാശ പ്രവർത്തകരും യൂറോപ്പിലെ ജനാധിപത്യവാദികളും വടക്കെ അമേരിക്കയിലെ പാരിസ്ഥിതിക പ്രവർത്തകുമൊന്നിച്ച് സമരത്തിൽ അണിചേർന്നത്. അമേരിക്കയിലെ കറക്ഷൻസ് കോർപറേഷനിൽ നിക്ഷേപിക്കാൻ ഭക്ഷ്യമേഖലയിലെ വമ്പനായ സോഡെക്സോ-മാരിയറ്റ് തീരുമാനിച്ചതിനെത്തുടർന്നാണ് അവിടുത്തെ സർവ്വകലാശാലാ വിദ്യാർത്ഥികൾ അവർക്കെതിരെ ശക്തമായ പ്രതിഷേധവുമായി രംഗത്തുവന്നത്. കാംപസുകളിലെ കഫറ്റേരിയകളിൽ സോഡെക്സോ-മാരിയറ്റിന്റെ ഭക്ഷണസാധനങ്ങൾ ബഹിഷ്ക്കരിച്ചു. ചെയ്തുകൊണ്ടായിരുന്നു ഈ പ്രതിഷേധം. ചെലവു കുറഞ്ഞ എയ്ഡ്സ് ഔഷധങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് തടയിടാൻ ശ്രമിക്കുന്ന ചില ഔഷധക്കമ്പനികൾ, ചില ഫാസ്റ്റ്ഫുഡ് ശൃംഖലകൾ എന്നിവയാണ് മറ്റു ചിലത്. ഈയിടെ ഫ്ളോറിഡയിലെ വിദ്യാർത്ഥികളും കൃഷിക്കാരും ടാകോ ബെൽ കമ്പനിക്കെതിരെ കൈ കോർത്തുപിടിച്ച് ഒന്നിച്ചുനിന്നു. സെന്റ് പീറ്റേഴ്സ് ബർഗ് പ്രദേശത്ത് തക്കാളിയും ഉള്ളിയും പറിക്കുന്ന കർഷകത്തൊഴിലാളിക്ക് വർഷത്തിൽ ഏകദേശം 7500 ഡോളർവച്ച് കൂലി ലഭിക്കാറുണ്ട്. ഈ തൊഴിലാളികളിൽ നിരവധി പേരും മെക്സിക്കോയിൽനിന്ന് കുടിയേറിയവരാണ്. എന്നാൽ നിയമത്തിലെ ഒരു പഴുതനുസരിച്ച് ഇവർക്ക് വിലപേശാൻ കഴിയുന്നില്ല. ഇവരുടെ മുതലാളിമാരാകട്ടെ, കൂലിയെക്കുറിച്ച് സംസാരിക്കാൻപോലും തയ്യാറുമല്ല. ഇവർ പറിച്ചെടുക്കുന്ന തക്കാളിയും ആരാണു വാങ്ങുന്നതെന്നന്വേഷിച്ചപ്പോഴാണ്, ഏറ്റവും വലിയ അളവിൽ വാങ്ങുന്നത് ടാകോബെല്ലാണെന്നു കണ്ടെത്തിയത്. അതേത്തുടർന്നാണ് സർവ്വകലാശാല കാമ്പസിൽ ഇവരുടെ ഉല്പന്നങ്ങൾ ബഹിഷ്ക്കരിക്കാൻവേണ്ടി വിദ്യാർത്ഥികളുമായിച്ചേർന്ന് കൃഷിക്കാർ സമരം തുടങ്ങിയത്.

നൈക്ക് ആണ് യഥാർത്ഥത്തിൽ ഈ പുതിയതരം ആക്ടിവിസ്റ്റ് ഉണർവ്വിന് കാരണം. പല സർവ്വകലാശാലാ കാമ്പസുകളും നൈക്കിന്റെ ടേയ്ക്-ഓവർ ഭീഷണി നേരിടുന്നുണ്ട്. അവിടങ്ങളിലുള്ളവർ, കാമ്പസുകളുടെ

ബ്രാൻഡസ് വസ്ത്രങ്ങൾ നിർമ്മിക്കുന്ന തൊഴിലാളികളുമായി കൂടിച്ചേർന്ന് സമരം ചെയ്യുന്നു. അതോടൊപ്പംതന്നെ, യുവത്വം കച്ചവടവൽക്കരിക്കപ്പെടുന്നതിൽ ആശങ്കാകുലരായ മാതാപിതാക്കളും ശൈശവതൊഴിലിനെതിരേ പ്രചരണം നടത്തുന്ന സഭാസംഘടനകളും ഇവരോടുകൂടി ചേർന്നു .ഒരു പൊതു ആഗോളശാസ്ത്രവുമായി വ്യത്യസ്ത രീതിയിൽ ബന്ധപ്പെട്ടിരുന്ന ഇവരെല്ലാവരും ഒന്നുചേർന്നു. മിന്നിത്തിളങ്ങുന്ന ഈ വൻകിട പൊള്ളത്തരം തുറന്നു കാണിക്കാനുള്ള ശ്രമങ്ങളാണ് ആദ്യഘട്ടത്തിൽ നടന്നത്. ഈ കമ്പനിതന്നെ സ്വന്തം പരസ്യവാചകങ്ങളിലൂടെയും പൊതുസമ്പർക്ക പരിപാടികളിലൂടെയും തങ്ങളെപ്പറ്റി ഓരോ ദിവസവും മെനഞ്ഞെടുത്ത കഥകളുടെ പ്രതികരണങ്ങൾ. സിറ്റിഗ്രൂപ്പാണ് മറ്റൊരു ലക്ഷ്യം. വടക്കേ അമേരിക്കയിലെ ഏറ്റവും വമ്പനായ സാമ്പത്തിക സ്ഥാപനമാണിത്. കണക്കാക്കാനാവാത്തത്ര ആസ്തി. ഇവർക്കെതിരേയുള്ള പ്രചരണം നിരവധി നിരവധി പ്രശ്നങ്ങൾ ഇട ചേർത്തിട്ടുള്ളതാണ്. കാലിഫോർണിയയിലെ ക്ലിയർ-കട്ട് ലോഗിങ്ങ് മുതൽ ഛാഡിലെയും കാമറൂണിലെയും എണ്ണക്കുഴൽ ഇടപാടുകൾ വരെ പലതും. ഈ പദ്ധതികൾ ഒരു തുടക്കം മാത്രമാണ്. എന്തായാലും അവ പുതിയ ഒരുതരം ആക്ടിവിസ്റ്റുകളെ സൃഷ്ടിക്കുന്നുണ്ട്. ഒറിഗോണിലെ വിദ്യാർത്ഥിനിയും ആക്ടിവിസ്റ്റുമായ സാറാ ജേക്കബ്സൺ പറയുന്നതനുസരിച്ച് "നൈക്ക് ഒരു ഗേറ്റ്‌വേ ഡ്രഗ്"ആണ്.

കോർപറേഷനുകളിൽ ശ്രദ്ധയൂന്നിക്കൊണ്ട്, സാമൂഹ്യ, പാരിസ്ഥിതിക, സാമ്പത്തികനീതി പ്രശ്നങ്ങൾ, പരസ്പരം എത്രമാത്രം ബന്ധപ്പെട്ടാണിരിക്കുന്നതെന്ന് സംഘടന പ്രവർത്തകർക്ക് വരച്ചുതന്നെ കാണിക്കാം. ഒറ്റയൊറ്റ കോർപറേഷനുകളായി ലോകസമ്പദ്‌വ്യവസ്ഥയെ മാറ്റി മറിക്കാമെന്നൊന്നും ഞാൻ കാണാനിടയായ ഒറ്റ ആക്ടിവിസ്റ്റിനും വിശ്വാസമില്ല. അതേസമയംതന്നെ, അന്താരാഷ്ട്ര വാണിജ്യത്തിന്റെയും ധനമിടപാടിന്റെയും വിസ്മയലോകത്തിന്റെ വാതിലുകളാണ് പ്രക്ഷോഭങ്ങൾ തുറന്നു കാണിച്ചത്. ആഗോളവിപണനത്തിന്റെ നിയമങ്ങളുണ്ടാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളിലേക്കാണ് അവർ നയിക്കുന്നത്. ഡബ്ല്യു. ടി. ഒ., ഐ.എം.എഫ്, എഫ്.ടി.എ.എ, പലപ്പോഴും കമ്പോളത്തിലേയ്ക്കു തന്നെയും. സ്വകാര്യവൽക്കരണമാണ് ഇവയെ ഒരുമിപ്പിക്കുന്ന ഭീഷണി. സാധാരണക്കാർക്കാണ് നഷ്ടം വരുന്നത്. ഡബ്ല്യു.ടി.ഒവിന്റെ അടുത്ത റൗണ്ട് കൂടിയാലോചനകൾ ചരക്കുവൽക്കരണത്തിന്റെ പരിധി ഇനിയും കൂട്ടാനുള്ള തരത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ഗാട്സ് (ജനറൽ എഗ്രിമെന്റ് ഓൺ ട്രേയ്ഡ് ആൻഡ് സർവ്വീസസ്, ട്രിപ്സ് (ട്രേഡ് റിലേറ്റഡ് ആസ്പെക്ട്സ് ഓഫ് പ്രോപ്പർട്ടി ഇന്റലക്ചൽ റൈറ്റ്സ്), വിത്തുകളിലും ഔഷധങ്ങളിലുമുള്ള പേറ്റന്റുകൾക്ക് കൂടുതൽ കർശനമായ അവകാശ സംരക്ഷണം, ആരോഗ്യപരിപാലനവും വിദ്യാഭ്യാസവും കുടിവെള്ളവും പോലെയുള്ള സേവനങ്ങൾ കമ്പോളവൽക്കരിക്കൽ ഇതൊക്കെ ഇതിലടങ്ങുന്നു.

പരക്കെ എല്ലാവർക്കും ലഭ്യമാകുന്ന രീതിയിലുള്ള ഒരു സന്ദേശമാക്കി ഇവയെല്ലാം അരിച്ചെടുക്കുക എന്നതാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. പല പ്രശ്നങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണികളെപ്പറ്റി നിരവധി പ്രക്ഷോഭകർക്ക് ഒരുതരം ഉൾക്കാഴ്ചയുണ്ട്. സബ്കമാൻഡന്റ് മാർകോസ് പറയുന്നതുപോലെ: "സപാറ്റിസം എന്നത് ഒരാദർശമല്ല; ഒരു ഉൾവിളിയാണ്." എന്നാൽ പുറത്തുനില്ക്കുന്ന മിക്കവർക്കും ആധുനിക കാലഘട്ടത്തിലെ പ്രക്ഷോഭങ്ങൾ നിഗൂഢമായതാണ്. പുറത്തുനിന്ന് ഒളിഞ്ഞു കേട്ടാൽ, പരസ്പരബന്ധമില്ലാത്ത മുദ്രാവാക്യങ്ങളുടെ കോലാഹലമായിത്തോന്നിയേക്കാം. വ്യക്തമായ ലക്ഷ്യങ്ങളില്ലാത്ത കൂടിക്കുഴഞ്ഞ നിവേദനങ്ങളുടെ ഒരു സമാഹാരം. കഴിഞ്ഞവർഷം ലോസ് ഏഞ്ചൽസിൽ നടന്ന ഡെമോക്രാറ്റിക് നാഷണൽ കൺവെൻഷനിൽ വച്ച് മെഷിൻ കൺസേർട്ടിനെതിരേ നടന്ന പ്രകടനത്തിന്റെ സമയത്ത് സ്റ്റേപ്പ്ൾസ് സെന്ററിനു പുറത്തു നില്ക്കേണ്ടിവരുന്നത് ഓർമ്മിക്കുന്നു. എനിക്ക് ഏതാണ്ട് വെടിയേല്ക്കുമായിരുന്നു. എല്ലാറ്റിനെതിരെയും എല്ലായിടത്തും മുദ്രാവാക്യങ്ങളാണല്ലോ എന്ന് എനിക്കു തോന്നി. ഒട്ടൊക്കെ അസംബന്ധമെന്നു തോന്നാവുന്ന തരത്തിലുള്ളവ.

## മുഖ്യധാരയിലെ പരാജയങ്ങൾ

പ്രസ്ഥാനത്തിന്റെ വികേന്ദ്രീകൃതവും അധികാരശ്രേണികളില്ലാത്തതുമായ ഘടന ഇത്തരം കാര്യങ്ങളെ ഒന്നുകൂടി ഉറപ്പിക്കുന്നുണ്ട്. പരമ്പരാഗത രീതിയിലുള്ള മാധ്യമങ്ങളെ അത് ആശയക്കുഴപ്പത്തിലാക്കുന്നു. കൃത്യമായി ആസൂത്രണം ചെയ്ത പ്രസ് കോൺഫറൻസുകൾ ഇല്ലെന്നു തന്നെ പറയാം. ആകർഷണീയമായ നേതൃത്വമില്ല. പ്രതിഷേധങ്ങൾക്കാകട്ടെ ഒന്നിനുമകളിൽ ഒന്നായി കുന്നുകൂടുന്ന തരം സ്വഭാവം. സാധാരണ പ്രസ്ഥാനങ്ങളുടെ പോലെ നേതൃത്വം മുകളിലും അണികൾ താഴെത്തട്ടിലുമായുള്ള പിരമിഡൽ ഘടനയല്ല. ഇവയ്ക്ക് മറിച്ച് വലിയ ഒരു വല പോലെയാണ് ഘടന. ഭാഗികമായി ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള സംഘാടനത്തിന്റെ ഫലമാണ് ഈ വലപോലുള്ള ഘടന. അതേസമയംതന്നെ അത് പ്രധാനമായും ഈ പ്രക്ഷോഭങ്ങൾ ജ്വലിപ്പിക്കാൻ കാരണമായ രാഷ്ട്രീയ യാഥാർത്ഥ്യങ്ങളോടുള്ള പ്രതികരണം കൂടിയാണ്. പരമ്പരാഗതമായ കക്ഷിരാഷ്ട്രീയത്തിന്റെ കൊടും തകർച്ച. ലോകത്തെല്ലായിടത്തും, സോഷ്യൽ ഡെമോക്രാറ്റിക്കുകളെയും തൊഴിലാളിവർഗ്ഗപാർട്ടികളെയും തെരഞ്ഞെടുക്കാൻ ജനങ്ങൾ പണിപ്പെട്ടിട്ടുണ്ട്. എന്നാൽ കമ്പോളശക്തികളുടെയും അന്താരാഷ്ട്ര നാണ്യനിധിയുടെ ആജ്ഞകളുടെയും മുമ്പിൽ ഇവർ വരിയുടയ്ക്കപ്പെട്ടവരായി നില്ക്കുന്നതാണ് കാണേണ്ടിവരുന്നത്. ഈ അവസ്ഥയിൽ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിലൂടെ മാറ്റം സംഭവിക്കുമെന്നു കരുതാൻ മാത്രം വിഡ്ഢികളല്ല ഇന്നത്തെ ആക്ടിവിസ്റ്റുകൾ. അതുകൊണ്ടുതന്നെ ജനാധിപത്യത്തിന്റെ പല്ലും നഖവും പറിച്ചെടുക്കുന്ന ഘടനകളെ എതിർക്കുന്നതിലാണ് ഈ സംഘടനകൾ തത്പരരാവുന്നത്. അന്താരാഷ്ട്ര നാണ്യനിധിയുടെ ഘടനാക്രമീകരണ നയങ്ങൾ, രാഷ്ട്രങ്ങളുടെ പരമാധികാരങ്ങൾക്കുമേലുള്ള ഡബ്ല്യു ടി ഒ യുടെ കുതിരകയറ്റങ്ങൾ, പ്രചരണങ്ങളിലെ ധനമിടപാടഴിമതി അങ്ങനെ പലതും. ഇതെല്ലാം ചെറുത്തു നില്പ് അവശ്യമാക്കുക മാത്രമല്ല ചെയ്യുന്നത്. പ്രാതിനിധ്യ ജനാധിപത്യത്തിനുള്ളിൽ ആഗോളവൽക്കരണം അടിസ്ഥാനപരമായി ഒരു വിഷമസന്ധിയാണെന്ന് ആശയപരമായ തിരിച്ചറിവിലേക്കു കൂടി ഇത് നയി

ക്കുന്നു. ഈ വിഷമഘട്ടമുണ്ടാകാൻ എന്താണ് കാരണം? സാധാരണ ജനങ്ങളിൽനിന്ന് ബഹുകാതം ദൂരെയാണ് അധികാരത്തിന്റെയും തീരുമാനമെടുക്കലുകളുടെയും കൈമാറ്റങ്ങൾ നടക്കുന്നത് എന്നതാണ് അടിസ്ഥാനകാരണങ്ങളിലൊന്ന്. പ്രാദേശികവും ദേശീയവും അന്തർദേശീയവും അന്താരാഷ്ട്രവുമായ തലങ്ങളിലെല്ലാം തന്നെ ഒന്നും സുതാര്യമല്ല. ആരോടും ഉത്തരവാദിത്വവുമില്ല. എന്താണ് പരിഹാരം? ഇതിന്റെ ബദലാണ് പങ്കാളിത്ത ജനാധിപത്യം.

ലോകവാണിജ്യ സംഘടന (WTO) യ്ക്കെതിരേ ഉന്നയിക്കപ്പെട്ടിട്ടുള്ള പരാതികൾ നോക്കുക. സാധനസാമഗ്രികൾക്കും സേവനങ്ങൾക്കും അപ്പുറത്തുള്ള കാര്യങ്ങളടങ്ങുന്ന സാമ്പത്തിക മാതൃകകൾ സ്വീകരിക്കേണ്ട അവസ്ഥയാണ് ഭരണകൂടങ്ങൾക്കു സ്വീകരിക്കേണ്ടി വരുന്നത്. അതുകൊണ്ടുതന്നെ ആഗോളവൽക്കരണ വിരുദ്ധതയുടെ ഭാഷ ഉപയോഗിക്കുന്നതിൽ വലിയ കാര്യമൊന്നുമുണ്ടാവുന്നില്ല. യഥാർത്ഥത്തിലെന്താണ് ആഗോളവൽക്കരണമെന്ന് ഒട്ടുമിക്കയാൾക്കാർക്കും അറിയില്ല. "വാണിജ്യത്തിനും ആഗോളവൽക്കരണത്തിനും എതിരാണെങ്കിൽ നിങ്ങളെന്തിനാണ് കാപ്പി കുടിക്കുന്നത്?" എന്തൊക്കെയുള്ള മുട്ടായുക്തികൾ വരുന്നത് ഇതുകൊണ്ടാണ്. വാസ്തവത്തിൽ വാണിജ്യത്തിന്റെയും ആഗോളവൽക്കരണമെന്നു വിളിക്കപ്പെടുന്നതിന്റെയും കൂടെ വന്നെത്തുന്ന സംഗതികളെ നിരാകരിക്കുകയാണ് ഈ പ്രസ്ഥാനം ചെയ്യുന്നത്. ലോകരാജ്യങ്ങളുടെ മേൽ, നിക്ഷേപങ്ങളോട് സ്വീകരണ മനോഭാവം കാണിക്കാൻ അവരെ പര്യാപ്തമാക്കാനെന്ന പേരിൽ കെട്ടിവയ്ക്കുന്ന രാഷ്ട്രീയനയങ്ങളുടെ നിരാസമാണിത്. 'മക് സർക്കാർ' എന്നാണ് ഞാനിതിനെ വിളിക്കുന്നത്. നികുതി കുറയ്ക്കലും സേവനമേഖലയെ സ്വകാര്യവൽക്കരിക്കലും നിയന്ത്രണങ്ങൾ നീക്കലും യൂണിയനുകൾ തകർക്കലുമടങ്ങിയ ഈ പുത്തൻവിഭവങ്ങൾ എന്തിനുവേണ്ടിയാണ്? കമ്പോളത്തിന്റെ വഴിയിലുള്ള എല്ലാ തടസ്സങ്ങളും പിഴുതെറിയാൻ. സ്വതന്ത്രക്കമ്പോളം തടസ്സമില്ലാതെ നീങ്ങുന്നതിന്. ഈ തള്ളിവിഴ്ത്തലിൽ മറ്റെല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടോളും. ഇത് വാണിജ്യത്തെ സംബന്ധിച്ചതല്ല. മറിച്ച്, മക് സർക്കാർ പാചകക്കുറിപ്പ് നടപ്പിൽ വരുത്താൻ വാണിജ്യം ഉപയോഗിക്കുന്നതു സംബന്ധിച്ചാണ്. അതുകൊണ്ട് എഫ് ടി എ എ യിലേയ്ക്കു കുതിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ വേളയിൽ നാം ചോദിക്കുന്ന ചോദ്യം വാണിജ്യത്തിന് നിങ്ങളെതിരാണോ അല്ലയോ എന്നതല്ല. മറിച്ച്, വിദേശമൂലധന, നിക്ഷേപങ്ങളുമായുള്ള നമ്മുടെ ബന്ധത്തിന്റെ വ്യവസ്ഥകളിൽ ഒത്തുതീർപ്പുണ്ടാക്കാൻ നമുക്ക് അവകാശമുണ്ടോ? നിയന്ത്രണങ്ങളില്ലാത്ത കമ്പോളങ്ങളിൽ ഉൾച്ചേർന്നിട്ടുള്ള അപകടങ്ങളിൽ നിന്ന് സ്വയം രക്ഷിക്കാനുള്ള തീരുമാനം ഏതളവുവരെയെടുക്കാൻ നമുക്കാവും? ഈ തീരുമാനങ്ങൾ കരാറുകൾക്കു ബലി കഴിക്കേണ്ടി വരുമോ? മാന്ദ്യകാലഘട്ടത്തിൽ ഈ പ്രശ്നങ്ങൾ കുറേക്കൂടി ഗുരുതരമായിട്ടായിരിക്കും അനുഭവപ്പെടുന്നത്. കാരണം, സാമ്പത്തിക ഉയർച്ചയുടെ ഘട്ടത്തിൽ സാമൂഹ്യ സുരക്ഷാവലയത്തിന്റെ കണ്ണികൾ മിക്കതും തന്നെ നശിപ്പിക്കപ്പെട്ടുപോയി. തൊഴിലില്ലായ്മ കുറഞ്ഞ ഘട്ടങ്ങളിൽ ജനങ്ങൾ അതെപ്പറ്റിയൊന്നും ഏറെ വേവലാതിപ്പെട്ടിരുന്നില്ല. സമീപഭാവിയെ മാത്രമാണ് അവർ കണക്കിൽപ്പെടുത്തിയിരുന്നത്. ഡബ്ല്യു ടി ഒ നേരിടുന്ന രണ്ടു പ്രധാന ചോദ്യങ്ങളിൽ ചിലത് ഈ സ്വയം നിർണ്ണയാവകാശത്തെ സംബന്ധിച്ചുള്ളതാണ്. ഒരു വിദേശ കെമിക്കൽ കമ്പനി കേസു കൊടുക്കാത്തപക്ഷം, ഗാണ്ഡാലീനിൽ ചേർക്കുന്ന അപകടകരമായ ഒരു വസ്തു നിരോധിക്കാൻ കാനഡക്ക് അധികാരമുണ്ടോ? ഈഥൈൽ കോർപ്പറേഷന് അനുകൂലമായിട്ടുള്ള ഡബ്ല്യു ടി ഒ വിന്റെ വിധിയനുസരിച്ച് ഇത് സാധ്യമല്ല. മാരകമായ വിഷമയാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനു ഇതു അനുമതി നിഷേധിക്കാൻ മെക്സിക്കോയ്ക്ക് അവകാശമുണ്ടോ? സാധിക്കില്ല. യു എസ് കമ്പിനിയായ മെറ്റൽ ക്ലാഡ്, ഇപ്പോൾ നാഫ്തയനുസരിച്ച് 16.7 ദശലക്ഷം ഡോളർ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് മെക്സിക്കൻ സർക്കാരിനെതിരെ കേസു കൊടുത്തിരിക്കുകയാണ്. ഹോർമോൺ കടത്തിവിടപ്പെട്ട മാട്ടിറച്ചി തങ്ങളുടെ രാജ്യത്തേക്ക് കടത്തുന്നത് നിരോധിക്കാനുള്ള അവകാശം ഫ്രാൻസിനുണ്ടോ? ഇല്ലെന്നു വേണം കരുതാൻ. ഫ്രാൻസിൽ നിന്നുള്ള ഇറക്കുമതി സാധനങ്ങളായ റോക്ക് ഫോർട്ട് ചീസുംമറ്റും നിരോധിച്ചുകൊണ്ടാണ് യുണൈറ്റഡ് സ്റ്റേറ്റ്സ് തിരിച്ചടിച്ചത്. ബോവെ എന്ന ചീസ് നിർമ്മാതാവ് ഒരു മക് ഡൊണാൾഡ്സ് അടിച്ചു പൊളിച്ച് പ്രതികരിച്ചപ്പോൾ അമേരിക്കക്കാർ കരുതിയത് അയാൾക്ക് ഹാംബർഗർ ഇഷ്ടമല്ലെന്നാണ്. വിദേശ വായ്പ ലഭിക്കാൻ അർജന്റീനയിലെ പൊതുമേഖല വെട്ടിച്ചുരുക്കണോ? തീർച്ചയായും വേണ്ടിവരും, അന്താരാഷ്ട്ര നാണ്യനിധി പറയുന്നത് അതാണ്. തുടർന്നുണ്ടായ സാമൂഹ്യഫലങ്ങൾ വമ്പിച്ച പ്രതിഷേധസമരങ്ങൾക്കു തിരികൊളുത്തി. എല്ലായിടത്തും ഒരേ പ്രശ്നം തന്നെയാണ്. വിദേശമൂലധനത്തിനുവേണ്ടി ജനാധിപത്യം വിറ്റു തുലയ്ക്കപ്പെടുന്നു.

സ്വയം നിർണ്ണയാവകാശത്തിനും പരിഃസ്ഥിതിക്ക് വിനാശം വരാത്ത വികസനത്തിനും വേണ്ടി ഇതേതരത്തിലുള്ള സമരങ്ങൾ, ലോകബാങ്കിന്റെ അണക്കെട്ടു പദ്ധതികൾക്കും ക്ലിയർ-കട്ട് ലോഗിങ്ങിനും നാണ്യവിളകളുടെ കൃഷിക്കും തദ്ദേശിയ ഭൂപ്രദേശങ്ങളിൽ നിന്നുള്ള സമ്പത്ത് ഊറ്റിയെടുക്കലിനുമെല്ലാമെതിരേ ചെറുചെറു തോതുകളിൽ നടന്നുവരുന്നു. ഈ പ്രസ്ഥാനങ്ങളിലുള്ള ഒട്ടു മിക്കയാളുകളും വാണിജ്യത്തിനോ വ്യാവസായിക വികസനത്തിനോ ഒന്നും എതിരല്ല. അതേസമയം, തങ്ങളുടെ സമ്പദ് സ്രോതസ്സുകൾ എങ്ങനെയെല്ലാം ഉപയോഗിക്കപ്പെടണമെന്നത് നിർണ്ണയിക്കാനുള്ള അവകാശം തദ്ദേശ സമൂഹങ്ങൾക്കു വേണം. അവിടെ നടക്കുന്ന വികസനത്തിൽനിന്ന് നേരിട്ടുള്ള ഗുണം അവിടത്തുകാർക്കു ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം. അതിനുള്ള അവകാശത്തിനു വേണ്ടിയാണ് അവർ സമരം ചെയ്യുന്നത്. വാണിജ്യത്തോടുള്ള പ്രതികരണമല്ല ഈ പ്രക്ഷോഭങ്ങൾ. മറിച്ച്, അഞ്ഞൂറുവർഷം മുമ്പു നടത്തപ്പെട്ട ഒരൊത്തുതീർപ്പിനെതിരേയുള്ളതാണ്. വിദേശനിക്ഷേപത്തിനും സാമ്പത്തികവികസനത്തിനുവേണ്ടി ജനാധിപത്യാധികാരവും സ്വയംനിർണ്ണയാവകാശവും ബലി കഴിക്കപ്പെട്ടതിനെതിരേയുള്ളത്. ആഗോളവൽക്കരണത്തിന്റെ അവ്യക്തതകളെ ചുറ്റിപ്പറ്റിയുള്ള വ്യവഹാരങ്ങളിൽനിന്ന് ജനാധിപത്യത്തെ സംബന്ധിക്കുന്ന വളരെ സ്പഷ്ടമായ വാദപ്രതിവാദങ്ങളിലേക്ക് മാറ്റിച്ചവിട്ടുക എന്നതാണ് അവർ ഇപ്പോൾ നേരിടുന്ന പ്രധാനപ്പെട്ട

വെല്ലുവിളി. പൊതു ചെലവുകൾ വെട്ടിക്കുറയ്ക്കണമെന്നും തൊഴിൽ നിയമങ്ങൾ ഇല്ലായ്മ ചെയ്യണമെന്നും പാരിസ്ഥിതിക സംരക്ഷണം റദ്ദാക്കണമെന്നും ജനങ്ങളോടു പറയുന്നു. അതല്ലാതെ മറ്റൊരു പോംവഴിയുമില്ലെന്ന് പറയുന്നു. നിയമവിരുദ്ധമായ വാണിജ്യ തടസ്സങ്ങൾ. സ്കൂളുകളുടെ ഫണ്ടുകൾ ഇല്ലായ്മ ചെയ്യണമെന്ന്? ചെലവു താങ്ങാനാവുന്ന വീടുകൾ നിർമ്മിക്കരുതെന്ന് എല്ലാം പറയുന്നു. ഇതെല്ലാം നമ്മെ വാണിജ്യത്തിന് സജ്ജരാക്കാനാണ്; നിക്ഷേപത്തോട് സൗഹാർദ്ദമുള്ളവരാക്കാനും മത്സരബുദ്ധിയുള്ളവരാക്കാനും ആണ്. മാന്ദ്യഘട്ടത്തിൽ നമ്മെക്കാത്തിരിക്കുന്ന ആഹ്ലാദകൗതുകങ്ങൾ എത്രയായിരിക്കുമെന്ന് സങ്കല്പിച്ചു നോക്കൂ.

ആഗോളവൽക്കരണം അതായത് ആഗോളവൽക്കരണത്തിന്റെ ഈ പാഠഭേദം പ്രാദേശികമായ മാനുഷിക ക്ഷേമത്തിന്റെ നെഞ്ചത്തു ചവുട്ടിക്കൊണ്ടാണ് പടുത്തുയർത്തിരിക്കുന്നതെന്ന് തെളിയിക്കാൻ നമുക്കാകണം. ആഗോളവും പ്രാദേശികവുമായുള്ള ഈ ബന്ധം മിക്കപ്പോഴും കണക്കിൽപ്പെടാറേയില്ല. പകരം രണ്ടു തരത്തിലുള്ള ആക്ടിവിസ്റ്റുകളാണ് നമുക്കുള്ളത്. ഒരു വശത്ത് അന്താരാഷ്ട്ര തലത്തിലുള്ള ആഗോളവൽക്കരണ വിരുദ്ധപ്രവർത്തകർ. വിജയത്തിന്റെ മനോഭാവമാണവർക്ക്. വിദൂരസ്ഥമായ കാര്യങ്ങൾക്കെതിരേ യുദ്ധം ചെയ്യുന്നവർ. ജനങ്ങളുടെ ദൈനംദിന സമരങ്ങളുമായി അവർക്കു ഒരു ബന്ധവുമില്ല. മിക്കപ്പോഴും കുലീന വിദ്യാസമ്പന്നരാണിവർ. വെളുത്തവർഗ്ഗക്കാരായ മധ്യവർഗ്ഗസന്തതികൾ. മറുവശത്ത് നിലനില്പിനുവേണ്ടിയുള്ള ദൈനംദിന സമരത്തിലേർപ്പെട്ടിരിക്കുന്ന സാമൂഹ്യപ്രവർത്തകർ. ഏറ്റവും അത്യാവശ്യമായ പൊതുസേവനങ്ങൾ നിലനിറുത്താൻ സമരം ചെയ്യുന്നവർ. ഇവർ മിക്കപ്പോഴും നിരാശരും പരാജയഭാവമുള്ളവരുമാണ്. "ഇത്രയ്ക്കാവേശം കൊള്ളാൻ എന്തിരിക്കുന്നു?" എന്നതാണ് അവർ ചോദിക്കുന്ന ചോദ്യം.

ഈ രണ്ടു ശക്തികളും ഒന്നിച്ചുചേരുക എന്നതാണ് മുന്നിൽ തെളിഞ്ഞു കാണുന്ന ഒരേയൊരു മാർഗ്ഗം. ആഗോളവിരുദ്ധമെന്ന നിലയിൽ ഇപ്പോൾ നിലവിലുള്ള പ്രസ്ഥാനം ആയിരക്കണക്കിന് പ്രാദേശിക പ്രസ്ഥാനങ്ങളായി മാറണം. നിയോ ലിബറൽ രാഷ്ട്രീയത്തിന്റെ കളികൾക്കിടയിലൂടെ അത് വഴി കണ്ടെത്തണം. വീടില്ലായ്മ, വേതനത്തിന്റെ നിശ്ചലത്വം, വർദ്ധിച്ച വാടക, പോലീസതിക്രമം, ജയിൽ നിറയ്ക്കൽ, ദേശാടനത്തൊഴിലാളികളെ കുറ്റവാളികളാക്കി മാറ്റൽ അങ്ങനെയങ്ങനെ നിരവധി പ്രശ്നങ്ങൾ ഇവയൊക്കെത്തന്നെയും പ്രശ്നങ്ങൾക്കു നേർക്കുള്ള ചെറുത്തുനില്പാണ്. പ്രാദേശികമായ ചപ്പുചവറുകൾ എവിടെ നിക്ഷേപിക്കണം എന്നത്, ശുദ്ധമായ കുടിവെള്ളം വേണമെന്നത്, മെച്ചപ്പെട്ട പൊതുവിദ്യാലയങ്ങൾ വേണമെന്നത്, ഇവയൊക്കെത്തന്നെ അതേ. അതേസമയംതന്നെ, സ്വകാര്യ വൽക്കരണത്തിനും നിയന്ത്രണ രാഹിത്യത്തിനുമെതിരേ സമരം ചെയ്യുന്ന പ്രാദേശികപ്രസ്ഥാനങ്ങൾ തങ്ങളുടെ പ്രക്ഷോഭങ്ങളെ വലിയൊരു ആഗോളപ്രസ്ഥാനവുമായി ബന്ധിപ്പിക്കണം. താന്താങ്ങളുടെ സവിശേഷ പ്രശ്നങ്ങൾ, ലോകത്തെല്ലായിടത്തും അടിച്ചേല്പിക്കപ്പെടുന്ന അന്താരാഷ്ട്ര സാമ്പത്തിക അജണ്ടയുമായി ഏതു തരത്തിലാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാൻ കഴിയും. ആ പാരസ്പര്യം വിശദീകരിക്കാനായില്ലെങ്കിൽ ജനങ്ങൾ നിരാശരായിത്തുടരും. കോർപറേറ്റ് അധികാരങ്ങളെയും നിയന്ത്രണങ്ങളെയും എതിരിടുന്നതിനൊപ്പം തന്നെ പ്രാദേശിക സംഘടനങ്ങളെയും സ്വയം നിർണ്ണയാവകാശത്തെയും ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ഒരു രാഷ്ട്രീയ ചട്ടക്കൂടാണ് നമുക്കിപ്പോളാവശ്യം. വൈവിധ്യത്തിനുള്ള അവകാശങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവയെ ആഘോഷിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു ചട്ടക്കൂടായിരിക്കണം അത്. സാംസ്കാരികവും പാരിസ്ഥിതികവും കാർഷികവുമായ വൈവിധ്യം. തീർന്നില്ല, രാഷ്ട്രീയ വൈവിധ്യമുൾപ്പെടുന്നു. രാഷ്ട്രീയമായി പ്രവർത്തിക്കാനുള്ള പല മാർഗ്ഗങ്ങൾ സമൂഹങ്ങൾക്ക് അവരുടെ പള്ളിക്കൂടങ്ങളും സേവനരംഗങ്ങളും സ്വാഭാവിക ചുറ്റുപാടുകളും മറ്റും സ്വന്തം രീതികൾക്കനുസൃതമായി ആസൂത്രണം ചെയ്യാനും നടപ്പാക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടാവണം. ദേശീയവും അന്തർദേശീയവുമായ നിലവാരങ്ങൾക്കകത്തുള്ള ഒരു ചട്ടക്കൂടിനകത്തേ ഇത് സാധ്യമാവൂ. പൊതുവിദ്യാഭ്യാസം, ഫോസ്സിൽ ഇന്ധനങ്ങൾ മുതലായവയെല്ലാം. എന്നാൽ, വിദൂരസ്ഥമായ നിയമങ്ങളും ഭരണാധികാരികളുമാവരുത് ലക്ഷ്യം. മറിച്ച് നിലനിരപ്പിൽ നിന്നുകൊണ്ടുതന്നെയുള്ള ജനാധിപത്യമായിരിക്കണം.

സപാറ്റിസ്റ്റകൾ ഇതിനെക്കുറിച്ച് പറയുമ്പോൾ ഉപയോഗിക്കുന്ന ഒരു പ്രയോഗമുണ്ട്. "നിരവധി ലോകങ്ങൾ ഉൾക്കൊള്ളുന്ന ഒരൊറ്റ ലോക"മെന്നാണ് അവർ അതിനെ വിളിക്കുന്നത്. പുത്തൻ കാലഘട്ടത്തിലെ ഉത്തരമില്ലായ്മയായി പലരും ഇതിനെ വിമർശിച്ചിട്ടുണ്ട്. അവർക്കാവശ്യം ഒരു പദ്ധതിയാണ്. "കമ്പോളങ്ങൾ ഈ ഇടങ്ങളുപയോഗിച്ച് എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് ഞങ്ങൾക്കറിയാം. നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത്? എന്താണ് നിങ്ങളുടെ പദ്ധതി?" എന്ന്. അവർ ചോദിക്കുന്നു. "അത് ഞങ്ങളന്വേഷിക്കേണ്ട കാര്യമില്ലെ"ന്ന് പറയാൻ നാം ഭയക്കേണ്ട എന്നാണെന്റെ പക്ഷം. സ്വയം ഭരിക്കാൻ ജനങ്ങൾക്കു കഴിവുണ്ടെന്ന് നാം ഒട്ടെങ്കിലും വിശ്വസിക്കുകയാണ് വേണ്ടത്. അവർക്കു വേണ്ടത് എന്തെന്ന് തീരുമാനിക്കാൻ അവർക്കു സാധിക്കും. നാം കാണിക്കേണ്ടത് കുറച്ച് എളിമയാണ്. എല്ലായിടത്തും അഹന്തകളും അധികാരപ്രവണതയും നിറഞ്ഞിരിക്കുകയാണ്. മനുഷ്യരുടെ ബഹുസ്വരതയിലും പ്രാദേശിക ജനാധിപത്യത്തിലും വിശ്വാസമർപ്പിക്കുക എന്നത് ദൗർബല്യമല്ല. മക്സർക്കാരിനകത്തുള്ള എല്ലാം അവർക്കെതിരെ ഗൂഢാലോചന നടത്തുന്നു. നിയോ ലിബറൽ സാമ്പത്തിക വ്യവസ്ഥയ്ക്ക് കേന്ദ്രീകരണത്തോടും ഐക്യവൽക്കരണത്തോടും ഏകത്വത്തോടുമെല്ലാം പക്ഷപാതമുണ്ട്. ബഹുസ്വതയ്ക്കെതിരായുള്ള ഒരു യുദ്ധമാണത്. അതിനെതിരായി, സത്വര മാറ്റത്തിന്റെ ഒരു പ്രസ്ഥാനമാണാവശ്യം. പല ലോകങ്ങളെയുൾക്കൊള്ളുന്ന ഒരൊറ്റ ലോകത്തോട് പ്രതിജ്ഞാബദ്ധമായ ഒന്ന്, ഒറ്റ "നോ"യും നിരവധി "യെസ്സു"കളുമുള്ള ഒന്ന്.

കേരളീയം
അറിയിപ്പ്
വരിസംഖ്യ പുതുക്കിയും സുഹൃത്തുക്കളെ വരിക്കാരാക്കിയും (വാർഷികം 180 രൂപ) കേരളീയത്തോട് സഹകരിക്കുമല്ലോ.
കേരളീയം, കൊക്കാലെ, തൃശൂർ-21 ഫോൺ: 0487-2421385